LIBRARY ARCHIVES Kerala Legislative Assembly

## മങ്കടയിൽ അഗ്നിശമന യൂണിറ്റ്

266 (2095) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഒരു അഗ്നിശമന യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവിടെ അഗ്നിശമന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ഉണ്ട്. എന്നാൽ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ഇപ്രകാരം സ്ഥലവും കെട്ടിടവും ലഭ്യമാകുന്നമുറയ്ക്ക് മങ്കടയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

## ഫയർഫോഴ്സ് വിഭാഗത്തിന്റെ ആധുനികവൽക്കരണം

267 (2096) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രകോടി രൂപയുടെ എന്തെല്ലാം ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ദ്രുതഗതിയിൽ തീപിടിത്തം തടയുന്നതിനുള്ള പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശുപാർശകൾ സമർപ്പിച്ചത് എന്നാണ് ; പ്രസ്തുത ശുപാർശകളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) ഫയർഫോഴ്സ് വിഭാഗത്തെ ആധുനികവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 27,28,00,000 രൂപ വിനിയോഗിച്ച് ചുവടെ പറയുന്ന അഗ്നിശമന/ജീവൻ രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.